QP CODE: 19102163 26

19102163

Reg No : ....................

Name : ....................

# BA DEGREE (CBCS) EXAMINATION, OCTOBER 2019

## Third Semester

## COMPLEMENTARY COURSE - ML3CMT05 - ഒരു എഴുത്തുകാരൻ - എഴുത്തുകാരി - മാധവിക്കുട്ടി

(Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing)

2017 Admission Onwards

4284DE50

Maximum Marks: 80 Time: 3 Hours

### പാർട്ട് എ

*അരപ്പുറത്തിൽകവിയാതെ ഏതെങ്കിലും പത്തു ചോദ്യത്തിന് ഉത്തരമെഴുതുക ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. പ്രഭാകരൻ കുട്ടിയോട് പറഞ്ഞ നുണ എന്തായിരുന്നു ?
2. "ഈ വൈരൂപ്യവും എന്നിൽ കാരണം പറയാനാവാത്ത ഒരു ബഹുമാനം മാത്രം ഉണർത്തുന്നു." -- എന്നു ചിന്തിക്കുവാൻ കാരണമെന്ത് ?
3. "രക്തത്തിന് നരയില്ലല്ലോ , വാർദ്ധക്യലക്ഷണങ്ങളില്ലല്ലോ" എന്നു പറയാൻ കാരണമെന്ത്?
4. "ഞാൻ വളർത്തിയെടുത്ത വൃക്ഷം<br>എനിക്ക് സമ്മാനിച്ച മാധുര്യം" -- സന്ദർഭമെന്ത് ?
5. "അതിനപ്പുറം എനിക്കൊന്നും കാണാനാവുന്നില്ല"- വിശദമാക്കുക
6. കന്യകാത്വം നഷ്ടപ്പെടാഞ്ഞത് ഒരു ദൗർഭാഗ്യമായി ഞാൻ കരുതുന്നു. എന്ന ധ്വനി അവളുടെ സ്വരത്തിലുണ്ടായിരുന്നു. ആരുടെ . കാരണമെന്ത്
7. അമേരിക്കയെപോലെ ഒരു ധനികരാജ്യത്തായിരുന്നെങ്കിൽ നിന്റെ പ്രതിഭ നിന്നെ കോടീശ്വരിയാക്കിയേനെ ആശയം വ്യക്തമാക്കുക
8. 'എന്ത് ആകർഷകമായ മൃഗമാണ് അയാൾ'. ആര് - സന്ദർഭമെന്ത്.?
9. അതുകൊണ്ടാവാം നീ കവിത എഴുതുന്നത്. എന്തുകൊണ്ട് ?
10. നിന്റെ ശരീരം എനിക്കൊരു തടവറയാണ്. കാരണമെന്ത് ?
11. നഷ്ടപ്പെട്ട നീലാംബരിയിലെ സുഭദ്രയിലെ പാട്ടുപഠിത്തം അവസാനിച്ചതെങ്ങനെ?
12. ജ്ഞാനാംബാൾ - കുറിപ്പെഴുതുക

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക*

*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം*

13. എഴുത്തുകാരി എന്ന നിലയിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങളെ എപ്രകാരമാണ് മാധവിക്കുട്ടി തന്റെ കഥകളിൽ തുറന്നു കാട്ടുന്നത്?
14. പക്ഷിയുടെ മണം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.
15. 'മധുരതരമായ അടിമത്തം' എന്ന സങ്കല്പത്തെ തടവുകാരി എന്ന കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.
16. അശുദ്ധ ശരീരം നിലാവിന്റെ മറ്റൊരിഴയായ 'ആത്മാവ്' ഈ ബിംബങ്ങളെ വിശദീകരിക്കുക.
17. മദ്ധ്യവയസ്സിൽ സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന അവഗണനകൾ എന്തെല്ലാം?
18. മധുര എന്ന നഗരം സുഭദ്രാദേവിയുടെ അസ്തിത്വത്തിൽ സ്ഥാനംപിടിച്ചതെങ്ങനെയെല്ലാമാണ്.
19. വ്യവസ്ഥാപിത താല്പര്യങ്ങളോടുള്ള കലാപം എന്റെ കഥയിൽ പ്രകടമാകുന്നു. ശരിയാണോ - ചർച്ച ചെയ്യുക
20. മാനസിയെ സ്വന്തമാക്കാൻ വിജയ് നടത്തുന്ന ഉപജാപങ്ങൾ എന്തെല്ലാം?
21. നഷ്ടപ്പെട്ട നീലാംബരിയിലെ ജ്ഞാനത്തിന്റെ സ്വഭാവത്തെ വിലയിരുത്തുക?

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക*

*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം*

22. സ്ത്രീത്വത്തിന്റെ ഭിന്നഭാവങ്ങളുടെ ആവിഷ്കാരമാണ് കോലാട്, അമ്മ എന്നീ കഥകൾ. -വ്യക്തമാക്കുക
23. പുരുഷസത്തയോടുള്ള മാധവിക്കുട്ടിയുടെ മനോഭാവം 'പ്രകൃതിയും പുരുഷനും' എന്ന കവിതയിൽ എങ്ങനെ പ്രകടമാകുന്നു.
24. സ്നേഹത്തിന്റെയും സ്നേഹരാഹിത്യത്തിന്റെയും ആഖ്യാനഭേദങ്ങളാണ് മാധവിക്കുട്ടിയുടെ നോവലുകൾ - സമർത്ഥിക്കുക
25. മാധവിക്കുട്ടിയുടെ ബാല്യകാലസ്മരണകൾ സംഗ്രഹിക്കുക.

(2×15=30)